മാക്കുന്നതിനുവേണ്ടിയുള്ള ചില നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് താൽപ്പര്യമുണ്ട്. അതിനാവശ്യമായ ചർച്ചകൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. മറ്റൊരുകാര്യം, ശുപാർശകളുടെ അടിസ്ഥാനത്തിൽ കുറച്ചുകൂടി ഉയർന്ന സാമ്പത്തിക സഹായം നെൽകർഷകർക്ക് നൽകണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം.

## II. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

4 (*64)ശ്രീമതി എൻ.കെ. രാധ :

ശ്രീ. എളമരം കരീം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീ. ടി.കെ. ബാലൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരം നടപടികളുടെ ഭാഗമായി വകുപ്പിന്റെ പ്രവർത്തനം ഉപകാരപ്രദമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് നിലവിലുള്ള സമ്പ്രദായം കൂടുതൽ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഫിറ്റ്നസ് ഇല്ലാത്ത വാഹനങ്ങൾ കണ്ടുപിടിച്ച് കേസ്സെടുക്കുന്നതിന് പട്രോളിംഗ് കർശനമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുമോ;

(എഫ്) അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിക്കാൻ പ്രത്യേക വിജിലൻസ് വിംഗ് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ)

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) 1. വാഹന നികുതിയടയ്ക്കാൻ വരുന്ന പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് കൂടുതൽ ടാക്സ് കൗണ്ടറുകൾ ഏർപ്പെടുത്തി. ടാക്സ് അടയ്ക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ടാക്സ് എടുക്കുന്ന ആൾ തന്നെ ടാക്സ് ലൈസൻസ് ഒപ്പിട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. ആർ.ടി.ഓഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട വിവിധ സേവനങ്ങൾക്ക് കൗണ്ടർ സംവിധാനം കൂടുതൽ കാര്യക്ഷമവും ഊർജ്ജിതവുമായ രീതിയിൽ നടപ്പിലാക്കി.

3. വാഹന അപകടങ്ങൾ തടയുന്നതിനും കുറച്ചു കൊണ്ടുവരുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനങ്ങൾ താമ

LIBRARY ARCHIVES Kerala Legislative Assembly

സംവിനാ നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എമ്പ വേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

4. വാഹനങ്ങളുടെ ഫിറ്റ്നസ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ കൂടുതൽ കർശനവും കുറ്റമറ്റതുമാക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. 20 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾ ഒരു ആർ.ടി.ഒ.യും ഒരു ജോയിന്റ് ആർ.ടി.ഒ.യും ചേർന്ന് പരിശോധിക്കുന്നതിനും എന്നാൽ 20 വർഷത്തിന് താഴെ പഴക്കമുള്ള വാഹനങ്ങൾ ഒരു എം.വി.ഐ.യും ഒരു എ. എം.ഡി.ഐ.യും ചേർന്ന് പരിശോധിക്കുന്നതിനും ഉത്തരവ് നൽകി. വർദ്ധിച്ചു വരുന്ന അപകടങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ നടപടി.

5. സംസ്ഥാനത്തുള്ള എല്ലാ ആർ.ടി.ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പാക്കി വരുന്നു. ഈ നടപടി ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായിക്കും.

6. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി 15.12.99 മുതൽ ടെസ്റ്റ് നടത്തുന്ന സ്ഥലത്ത് വച്ച് തന്നെ ലൈസൻസ് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

7. ആർ.ടി.ഓഫീസുകളിൽ നൽകുന്ന എല്ലാ അപേക്ഷകൾക്കും രസീത് നൽകുന്നതിന് നടപടി സ്വീകരിച്ചു. ഇതുകാരണം ഓഫീസുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിഞ്ഞു.

8. ലേണേഴ്സ് തൽസമയം തന്നെ പുതുക്കി നൽകുന്നതിനുള്ള സംവിധാനമേർപ്പെടുത്തി.

(ബി) ഉണ്ട്.

(സി) വാഹന അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ അടക്കം നിർദ്ദേശപ്രകാരമാണ് വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നതിനുള്ള സംവിധാനം കർശനമാക്കിയത്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനായി രൂപീകൃതമായിട്ടുള്ള ഉന്നതാധികാര സമിതിയുടെ നിർദ്ദേശപ്രകാരമാണ് ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കർശനമാക്കിയത്. നിലവിലുള്ള വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുന്നത് ആശാസ്യമായിരിക്കില്ല.

(എഫ്) അഴിമതിക്കാരായ ഉദ്യോഗസ്ഥർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ വിജിലൻസ് ഓഫീസറായി ഒരു വിജിലൻസ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ഈ വിജിലൻസ് വിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly